# തിരുനല്ലൂർ കവിതകൾ രാഷ്ട്രീയ മാറ്റൊലികൾക്കപ്പുറം നിലനിൽക്കുന്നവ: കല്പറ്റ നാരായണൻ



തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദി ദേശീയ സിമ്പോസിയം കവി കല്പറ്റ നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

കൊല്ലം: രാഷ്ട്രീയമാറ്റൊലികൾക്കപ്പുറം നിലനിൽക്കുന്ന കവിതകളാണ് തിരുനല്ലൂർ കരുണാകരന്റേതെന്ന് കവിയും നിരൂപകനുമായ കല്പറ്റ നാരായണൻ.

കേന്ദ്ര സാഹിത്യ അക്കാദമിയും ഫാത്തിമ മാതാ നാഷണൽ കോളേജും സംയുക്തമായി സംഘടിപ്പിച്ച തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദി ദേശീയസിമ്പോസിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാറൽ മാർക്സിനെയും കാളിദാസനെയും മലയാളത്തിൽ ഒരുപോലെ സ്വാംശീകരിച്ച മഹാനായ എഴുത്തുകാരനാണ് തിരുനല്ലൂർ എന്ന് കല്പറ്റ നാരായണൻ പറഞ്ഞു. സാഹിത്യനിരൂപകൻ പ്രസന്നരാജൻ മുഖ്യപ്രഭാഷണം നടത്തി.

കോളേജ് പ്രിൻസിപ്പൽ ഡോ. സിന്ധ്യ കാതറിൻ അധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്ര സാഹിത്യ അക്കാദമി മലയാളം ഉപദേശക സമിതി അംഗങ്ങളായ ഡോ. ടി കെ സന്തോഷ് കുമാർ, ഡോ. സാബു കോട്ടുക്കൽ, കോളേജ് മാനേജർ ഫാ. അഭിലാഷ് ഗ്രിഗറി, ടി കെ വിനോദൻ, വൈസ് പ്രിൻസിപ്പൽ ഡോ. എം ആർ ഷെല്ലി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധീഷ് സാം എന്നിവർ സംസാരിച്ചു.

തിരുനല്ലൂർ കരുണാകരന്റെ രചനാലോകത്തെപ്പറ്റി ഡോ. എൽ തോമസ് കുട്ടി, ഷീജ വക്കം, ഡോ. ആർ ശ്രീലതാവർമ്മ, ഡോ. കെ ബി ശെൽവമണി, ഡോ. നിത്യ പി വിശ്വം എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. എഴുത്തുകാരൻ വി ടി കുരീപ്പുഴയുടെ അധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനം മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ബൈജു ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.